പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

21.3.2012 ന് മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ - 1509

**മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി ലഭിക്കുന്നതിന് നടപടി**

ചോദ്യം
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.ബെന്നി ബെഹനാൻ
ശ്രീ.ഷാഫി പറമ്പിൽ

മറുപടി
ബഹു.ഗ്രാമവികസനവും
ആസൂത്രണവും സാംസ്കാരികകാര്യവും
വകുപ്പ് മന്ത്രി

| | |
|---|---|
| (എ)മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;<br><br>(ബി)ഇതുമായി ബന്ധപ്പെട്ട് തുടർനടപടികൾ ത്വരിതപ്പെടുത്തുവാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട് ; | (എ) & (ബി)<br><br>മലയാള ഭാഷയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും ശ്രേഷ്ഠ ഭാഷാ പദവി നേടിയെടുക്കുന്നതിന് സർക്കാരിനെ ഉപദേശിക്കുന്നതിനായി 19/2/2009-ലെ സ.ഉ (കൈ) 02/2009/ സി.എ.ഡി പ്രകാരം ഒരു ഉപദേശകസമിതി രൂപീകരിക്കുകയും മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാ പദവി ലഭിക്കാൻ അർഹതയുണ്ടെന്നതിന്റെ തെളിവുകളും വിശദാംശങ്ങളും അടങ്ങിയ വിദഗ്ധ സമിതി റിപ്പോർട്ട് 15/1/2011-ൽ ബഹു: പ്രധാന മന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. ഈ റിപ്പോർട്ട് കേന്ദ്ര സർക്കാർ ഒരു വിദഗ്ധ സമിതിയെക്കൊണ്ട് പരിശോധിച്ച് ശ്രേഷ്ഠ പദവി നൽകുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടതാണ്.<br>മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി നേടിയെടുക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ബഹു: മുഖ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13/2/2012-ന് യോഗം ചേർന്ന് ഇതുവരെ നടന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. ന്യൂഡൽഹിയിൽ നടക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനും അത്ര |

| | |
|---|---|
| | സംബന്ധിച്ച നിജസ്ഥിതി സംസ്ഥാന സർക്കാരിനെ അറിയിക്കുവാനും അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ.കെ.ജയകുമാറിനെ ചുമതലപ്പെടുത്തുകയും ചെയ്തു. |
| (സി)മലയാള ഭാഷ,സാഹിത്യം,പ്രാദേശിക സംസ്കാരം എന്നിവയ്ക്ക് പ്രഥമ പരിഗണന നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി)പരിഗണന നൽകുന്നതാണ്. |

Padmavathi

സെക്ഷൻ ഓഫീസർ